ഉത്തരം

പി.എം.ജി.എസ്.വൈ. പദ്ധതിക്കായി 2014-15 സാമ്പത്തിക വർഷത്തിൽ സംസ്ഥാന സർക്കാരിന്റെ ബഡ്ജറ്റിൽ വകയിരുത്തിയ 75 കോടി രൂപ റോഡുകളുടെ നിർമ്മാണത്തിനല്ല മറിച്ച് മെയിന്റനൻസിനുവേണ്ടിയാണ് അനുവദിച്ചിട്ടുള്ളത്. അതനുസരിച്ചാണ് ഇക വിനിയോഗിക്കുന്നത്.

**പി.എം.ജി.എസ്.വൈ പദ്ധതി അങ്കമാലി നിയോജക മണ്ഡലത്തിൽ**

**9 (1377)** ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011-12, 2012-13, 2013-14, 2014-15 വർഷങ്ങളിൽ പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം അങ്കമാലി നിയോജക മണ്ഡലത്തിൽ ഭരണാനുമതി നൽകിയിട്ടുള്ള റോഡുകളുടെയും അനുവദിച്ച ഇകയുടെയും വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) ഇതിൽ ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിക്കാനുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2011-2012 : ഭരണാനുമതി ലഭിച്ചിട്ടില്ല.

2012-2013 : ഭരണാനുമതി ലഭിച്ചിട്ടില്ല.

2013-2014 : ...

പ്രവൃത്തിയുടെ പേര് : പി.എം.ജി.എസ്.വൈ. 2013-14 ഫേസ് 8 (ബാച്ച്-1) അങ്കമാലി ബ്ലോക്ക്, എറണാകുളം ജില്ല.

റോഡുകൾ :

1. പുതിയേടം തെക്കുംഭാഗം റോഡ് 3.39 കി.മീ.

   അനുവദിച്ച ഇക : 286.24 ലക്ഷം

2. കാരാമറ്റം ശാസ്താംപാറ റോഡ് 1.56 കി.മീ.

   അനുവദിച്ച ഇക : 127.27 ലക്ഷം

LIBRARY ARCHIVES Kerala Legislative Assembly

3. ഇല്ലിത്തോട് അമ്പലപ്പാറ റോഡ് 0.81 കി.മീ.

അനുവദിച്ച തുക: 51.22 ലക്ഷം

2014-2015 : ഭരണാനുമതി നൽകിയിട്ടില്ല.

(ബി) ഭരണാനുമതി ലഭിച്ച പ്രവൃത്തികളെല്ലാം പൂർത്തീകരിക്കാനുണ്ട്.

**പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരമുള്ള ഉദുമ മണ്ഡലത്തിലെ റോഡുകൾ**

**10 (1378)** ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം ഉദുമ മണ്ഡലത്തിൽ എത്ര റോഡുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് ; റോഡുകളുടെ പേരും അനുവദിച്ച തുകയും വിശദമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തികളെല്ലാം പൂർത്തിയായിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) 12 പ്രവൃത്തികളിൽ 9 പ്രവൃത്തികൾ പൂർത്തീകരിച്ചു. ബാക്കിയുള്ള 3 പ്രവൃത്തികളിൽ മൂന്നാം മൈൽ-പേരിയ റോഡ് പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ചാലിങ്കാൽ-കായക്കുളം റോഡ് പെരിയാ പ്ലാന്റേഷൻ -തന്നോട്ട് റോഡ് എന്നീ റോഡുകൾ ആവശ്യമായ വീതിയിൽ സ്ഥലം വിട്ടുകിട്ടാത്തതിനാൽ പ്രവൃത്തി ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.

**പി.എം.ജി.എസ്.വൈ. പദ്ധതിയിൽ അമ്പലപ്പുഴ മണ്ഡലത്തിലെ റോഡുകൾ**

**11 (1379)** ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പി.എം.ജി.എസ്.വൈ. പദ്ധതിയിൽ അമ്പലപ്പുഴ മണ്ഡലത്തിലെ ഏതെങ്കിലും റോഡുകൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly